(ബി) ഓരോ പദ്ധതിയുടെയും എസ്റ്റിമേറ്റ് തുക, കുടിവെള്ള സ്രോതസ്സ്, കുടിവെള്ളം ലഭിക്കുന്ന പഞ്ചായത്തുകൾ എന്നിവ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;

(ഡി) പുതിയ ഏതെല്ലാം പദ്ധതികൾക്കാണ് നിർദ്ദേശങ്ങൾ ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) തരൂർ മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഭൂജല വകുപ്പ് തരൂർ മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി, വരൾച്ചാ ദുരിതാശ്വാസ പദ്ധതി 2014 എന്നിവയിൽ ഉൾപ്പെടുത്തി കുഴൽ കിണറുകളുടെ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നുണ്ട്.

വടക്കാഞ്ചേരി പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലായി കുഴൽ കിണറുകൾ നിർമ്മിക്കുന്നതിനായി 7,07,000, 5,17,000, 6,15,000, 48,773, 50,390, 41,874 എന്നീ തുകകളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ കാവശ്ശേരി പഞ്ചായത്തിൽ കുഴൽ കിണർ നിർമ്മാണത്തിനായി 7,40,000 രൂപയുടെയും കണ്ണമ്പ്ര പഞ്ചായത്തിൽ കുഴൽ കിണർ നിർമ്മാണത്തിനായി 45,549 രൂപയുടെയും കാവശ്ശേരി പഞ്ചായത്തിൽ കുഴൽ കിണർ നിർമ്മാണത്തിനായി 41,425 രൂപയുടെയും എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. വടക്കാഞ്ചേരി പഞ്ചായത്തിലെ കുറുവായി എന്ന സ്ഥലത്ത് രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി പ്രകാരമുള്ള പ്രവൃത്തി പുരോഗമിക്കുന്നു. വടക്കഞ്ചേരി പഞ്ചായത്തിലെ മുച്ചിങ്ങൽ കുളമ്പ്, തുറവക്കുന്ന് എന്നീ സ്ഥലങ്ങളിലെ ബോർവെൽ നിർമ്മാണം, കാവശ്ശേരി പഞ്ചായത്തിലെ കുണ്ടുതൊടി നീറ്റാപ്പറമ്പ് ബോർവെൽ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. വടക്കാഞ്ചേരി പഞ്ചായത്തിലെ പള്ളിക്കാട്, മംഗലം, പൊന്നഴിയാകുന്ന് എന്നീ സ്ഥലങ്ങളിലെയും കണ്ണമ്പ്ര പഞ്ചായത്തിലെ കർപോഡ്, ബോർവെൽ നിർമ്മാണത്തിനും സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ ഭൂജല വകുപ്പ് സ്വീകരിച്ചുവരുന്നു. കാവശ്ശേരി പഞ്ചായത്തിലെ പാടൂർ ബോർവെൽ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു.

(ഡി) പുതുക്കോട് പഞ്ചായത്തിനായി ഒരു പ്രോജക്ട് തയ്യാറാക്കാനായി 26-6-2014-ൽ കൂടിയ യോഗത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly